## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ

**നക്ഷത്രചിഹ്നമിടാത്ത** **29.01.2014 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3225**

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ പ്രകാരം 2012-13-ൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചത്; എത്ര റോഡുകൾ ഇതിൽപ്പെടും; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ പ്രകാരം 2012-13 ൽ റോഡുകൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല |
| (ബി) | ഇതിനായി എത്ര രൂപയുടെ ധനസഹായം ലഭിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു; എത്ര റോഡുകൾ ഇതിൽ ഉൾപ്പെടും; ജില്ല തിരിച്ചു വ്യക്തമാക്കുമോ; | (ബി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പ്രവൃത്തികൾഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ഉം അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകളും നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവും പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2. നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ് വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന ... റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. |
| (ഡി) | 2013-14ൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ എത്ര റോഡുകൾ ഉൾപ്പെടും; ജില്ല തിരിച്ചു വ്യക്തമാക്കുമോ; | (ഡി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഇതിനായി എത്ര രൂപയുടെ ധനസഹായം ലഭിച്ചു; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു; എത്ര റോഡുകൾ ഇതിൽ ഉൾപ്പെടും; ജില്ലതിരിച്ച് വിശദമാക്കുമോ; | (ഇ) | 2013-14 സാമ്പത്തിക വർഷം അനുമതി ലഭിച്ച റോഡുകൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ സാമ്പത്തികവർഷം അനുമതി ലഭിച്ച റോഡുകളൊന്നും പൂർത്തിയാക്കിയിട്ടില്ല. |
| (എഫ്) | 2012-13 ലും 2013-14 ലും പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത റോഡുകൾ ഏതെല്ലാമാണെന്ന് നിയമസഭാമണ്ഡലം അടിസ്ഥാനമാക്കി വ്യക്തമാക്കുമോ? | (എഫ്) | 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. 2013-2014 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

2012-13 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. മുൻനീക്കിയിരിപ്പിൽ നിന്നും ചെലവഴിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം | നീളം (കി.മി) | തുക (ലക്ഷത്തിൽ) |
|---|---|---|---|
| ആലപ്പുഴ | 5 | 8.639 | **148.93** |
| എറണാകുളം | 1 | 0.950 | **162.48** |
| ഇടുക്കി | 2 | 7.270 | **709.20** |
| കണ്ണൂർ | 1 | 1.060 | **292.06** |
| കാസർഗോഡ് | 1 | 2.072 | **511.74** |
| കൊല്ലം | 3 | 4.420 | **27.54** |
| കോട്ടയം | 7 | 15.240 | **286.78** |
| കോഴിക്കോട് | 3 | 10.309 | **557.10** |
| മലപ്പുറം | 3 | 7.255 | **803.40** |
| പത്തനംതിട്ട | 2 | 4.513 | **288.08** |
| പാലക്കാട് | 11 | 23.157 | **597.01** |
| തിരുവനന്തപുരം | 4 | 6.982 | **1041.27** |
| തൃശ്ശൂർ | 3 | 16.833 | **295.75** |
| വയനാട് | 0 | 0.000 | **7.98** |
| **ആകെ** | **46** | **108.700** | **5729.32** |

അനുബന്ധം 2

2013-2014 സാമ്പത്തിക വർഷം 45703.89 ലക്ഷം രൂപ അടങ്കൽതുകയിൽ 745.946 കി.മി ദൈർഘ്യം വരുന്ന 320 റോഡുകളാണ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം | നീളം (കി.മി) | തുക (ലക്ഷത്തിൽ) |
|---|---|---|---|
| ആലപ്പുഴ | 21 | 35.56 | 2202.57 |
| എറണാകുളം | 27 | 61.423 | 3276.88 |
| ഇടുക്കി | 24 | 69.764 | 4619.79 |
| കണ്ണൂർ | 17 | 58.865 | 3086.03 |
| കാസർഗോഡ് | 28 | 76.02 | 4525.02 |
| കൊല്ലം | 26 | 46.527 | 2440.42 |
| കോട്ടയം | 18 | 42.748 | 2914.06 |
| കോഴിക്കോട് | 20 | 40.497 | 2843.89 |
| മലപ്പുറം | 33 | 68.908 | 4509.99 |
| പത്തനംതിട്ട | 28 | 75.263 | 4595.50 |
| പാലക്കാട് | 17 | 48.486 | 2834.43 |
| തിരുവനന്തപുരം | 29 | 43.775 | 2889.50 |
| തൃശ്ശൂർ | 26 | 55.06 | 3348.78 |
| വയനാട് | 6 | 23.05 | 1617.03 |
| **ആകെ** | **320** | **745.946** | **45703.89** |

അനുബന്ധം. 3

| ക്രമ നം | | നിയമസഭാ മണ്ഡലം | പാക്കേജ് നമ്പർ | റോഡിന്റെ പേര് | നീളം കി.മീ | തുക |
|---|---|---|---|---|---|---|
| 1 | | ആലത്തൂർ | KR 10-31 | എൻ.എസ്.എസ്. കോളേജ് പയിറ്റാം കുന്ന് | 3.03 | 172.52 |
| 2 | Phase VIII (1st Batch) | തരൂർ | KR10-17 | പത്തനാപുരം തോലംമ്പുഴ | 3.24 | 205.12 |
| 3 | | | KR 10-18 | തെക്കംപാടം വഴുകക്കോട് | 3.21 | 202.53 |
| 4 | | | KR 10-23 | തോലന്നൂർ പേഴുംകോട് | 4.4 | 258.47 |
| 5 | | | KR 10-24 | കൂട്ടച്ചന്ത ചെമ്മംകാവ് | 2.035 | 102.32 |
| 6 | | ചിറ്റൂർ | KR 10-19 | മേനോൻപാറ കാട്ടുപള്ളത്താൻചള്ള | 1 | 74.93 |
| 7 | | | KR 10-20 | മുതലാംതോട് കോരിയാർചള്ള | 1.35 | 99.37 |
| 8 | | | KR 10-21 | വില്ലൂന്നി അണപ്പൂർ | 4.3 | 255.69 |
| 9 | | | KR 10-26 | തേനാരി പേഴുംപള്ളം | 4.26 | 282.01 |
| 10 | | മലമ്പുഴ | KR 10-25 | പാമ്പാംപള്ളം കോട്ടമുട്ടി | 2.25 | 115.47 |
| 11 | | | KR 10-27 | കരിങ്കരപ്പുള്ളി ബിപിഎൽ എൻഎച്ച് | 0.815 | 50.77 |
| 12 | | | KR 10-35 | കയറംകോട് ജം. ഒടുവൻകാട് സൗത്ത് | 1.825 | 118.39 |
| 13 | | | KR 10-36 | ചെട്ടിയാംപാടം കാരക്കോട് | 1.548 | 78.72 |
| 14 | | കോങ്ങാട് | KR 10-28 | പാലക്കയം തരുപ്പപ്പതി | 6.15 | 481.49 |
| 15 | | | KR 10-41 | പോത്ര കടപ്പാടം | 3.75 | 248.80 |
| 16 | | നെന്മാറ | KR 10-22 | പാപ്പാൻചള്ള ചെമ്മനാംതോട് | 6.3 | 304.09 |
| 17 | | | KR 10-29 | കണിമംഗലം കോഴിക്കാട് | 2.15 | 109.20 |
| 18 | | | KR 10-30 | അകംപാടം ചാട്ടിയോട് ആലുവശ്ശേരി | 1.875 | 120.78 |
| 19 | | ഒറ്റപ്പാലം | KR 10-32 | കടമ്പൂർപള്ളി കടവ് | 2.01 | 144.77 |
| 20 | | | KR 10-33 | ലക്ഷംവീട് കൂനൻമല | 1.95 | 143.62 |
| 21 | | | KR 10-34 | കണ്ണമംഗലം കണ്ണമംഗലം നോർത്ത് | 1.3 | 108.17 |
| 22 | | | KR 10-40 | പൂക്കോട്ടുകാവ് കോവിലിങ്ങൽപടി | 4.365 | 235.53 |
| 23 | | പട്ടാമ്പി | KR 10-37 | ചൂരക്കോട് മനക്കൽപടി | 1.36 | 71.09 |
| 24 | | | KR 10-38 | മുളയൻകാവ് പോട്ടുകര | 2.61 | 137.53 |
| 25 | | | KR 10-39 | മഞ്ഞളുങ്കൽ പാറപ്പുറം | 2.2 | 122.89 |
| 26 | | | KR 10-42 | കൂട്ടുപാത ചെറുപ്പൂർ | 2.89 | 148.23 |
| 27 | | | KR 10-43 | അലിക്കരപ്പാടം ചാലിശ്ശേരി അങ്ങാടി | 0.93 | 78.08 |
| 28 | | തൃത്താല | KR 10-44 | കുട്ടുകാട് പുലേരി | 2.16 | 124.92 |
| TOTAL | | | | | **72.233** | **4422.98** |